Schedule.

The question that the Schedule stands part of the Bill was put and carried.

The Schedule was added to the Bill.

Clause I, Preamble and Title.

The question that Clause I, the Preamble and the Title stand part of the Bill was put and carried.

Clause I and the Preamble and the Title were added to the Bill.

SHRI PANAMPILLI GOVINDA MENON: I request that the Bill be taken up and finally passed.

SHRI A. J. JOHN: I second it.

The question that the Travancore-Cochin Appropriation (No. 3) Bill, 1955, be passed was put and carried.

The Bill was passed.

The Travancore-Cochin Public Gambling Bill.

Home Minister (Shri A. J. JOHN): I move that the Travancore-Cochin Public Gambling Bill, as reported by the Select Committee, be taken up for consideration.

സർ, തിരുവിതാംകൂറിലും കൊച്ചിയിലും ഇതിലേക്കു നിയമങ്ങൾ ഉണ്ടായിരുന്നു. ആ രണ്ടു നിയമങ്ങളും ഏകീകരിച്ചു ഒരു നിയമം ഉണ്ടാക്കുകയെന്നുള്ളതാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതിന്റെ ഉദ്ദേശം. തിരുവിതാംകൂറിൽ ഉണ്ടായിരുന്ന നിയമം അടിസ്ഥാനപ്പെടുത്തിയാണ് ഈ ബിൽ തയാറാക്കിയിരിക്കുന്നത്. സെലക്ട് കമ്മിറ്റി പറയത്തക്ക ഭേദഗതികൾ ഒന്നുംതന്നെ ഇതിൽ വരുത്തിയിട്ടില്ല. ഈ ബിൽ പാസ്സാക്കിത്തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

Chief Minister (Shri PANAMPILLI GOVINDA MENON): I second it.

Shri KALATHIL VELAYUDHAN NAIR: Sir, I move that the Bill be recommitted to the Select Committee for re-consideration.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ബിൽ, പുനഃപരിശോധനയ്ക്കായി, വീണ്ടും സെലക്ട് കമ്മിറ്റിക്കു അയയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. അങ്ങിനെ നിർദ്ദേശിക്കാനുള്ള പ്രധാനകാരണം, ഏതാനും പ്രധാനമായ ഭേദഗതികൾകൂടി ഈ ബില്ലിൽ വരുത്തേണ്ടതായിട്ടുണ്ടെന്നു തോന്നിയതുകൊണ്ടാണ്. ഈ ബില്ലിനു മാതൃകയായി സ്പീകരിച്ചിരിക്കുന്നതു 90 വർഷത്തിനുമുൻപു ഇൻഡ്യയിൽ ഉണ്ടാക്കിയ ഗ്യാംബ്ലിംഗ് ബില്ലാണ്. അതിനുശേഷം പല ഭേദഗതികളും ഈ ബില്ലിൽ വരുത്തിയിട്ടുണ്ട്. എന്നാലും അവയൊന്നുംതന്നെ ഈ നിയമത്തിന്റെ ഉദ്ദേശം സാധിക്കുന്നതിനു പര്യാപ്തമാണെന്നു എനിക്ക് അഭിപ്രായമില്ല.

ഈ ബില്ലിന്റെ സകല വകുപ്പുകളും നോക്കിയിട്ടും, എന്താണ് ഗ്യാംബ്ലിംഗ് എന്നും ഈ ബില്ലുകൊണ്ടു് ഏതെല്ലാം തരത്തിലുള്ള ഗ്യാംബ്ലിംഗ് തടയാൻ കഴിയും എന്നു മനസ്സിലാകുന്നില്ല. 'പബ്ലിക്ക് ഗ്യാംബ്ലിംഗ് ബിൽ' എന്നാണ് ഈ നിയമത്തിന്റെ പേർ. എന്നാൽ ഗ്യാംബ്ലിംഗ് എന്താണെന്നു് ഈ നിയമത്തിന്റെ ഒരു ഭാഗത്തും നിർവ്വചനം കൊടുത്തിട്ടില്ല. ഒരു പക്ഷേ സമാധാനം പറയുമായിരിക്കാം, ഇതിനു മുൻപു് ഉണ്ടായിരുന്ന, 90 വർഷത്തിനു് മുൻപുണ്ടാക്കിയിട്ടുള്ള ഗ്യാംബ്ലിംഗ് ബില്ലിന്റെ മാതൃക സ്വീകരിച്ചാണ് ഇതുണ്ടാക്കിയതെന്നു്. ഒരു പുതിയ നിയമം ഗ്യാംബ്ലിംഗിനെ സംബന്ധിച്ചുണ്ടാക്കുമ്പോൾ, ആ നിയമത്തിൽ ഗ്യാംബ്ലിംഗ് എന്ന വാക്കിനുള്ള നിർവ്വചനം കൊടുക്കാതെയിരിക്കുന്നതു് ശരിയല്ല. ഗെയിമിംഗ് എന്താണെന്നു നിർവ്വചിച്ചിട്ടുണ്ടു്. ശിക്ഷകൾ വിധിച്ചിട്ടുണ്ടു്. കുറേകരമാകുന്നവയെപ്പറ്റി പറഞ്ഞിട്ടുണ്ടു്. പക്ഷേ ഗെയിമിംഗ് എന്നു പറയുന്നതു് ഗ്യാംബ്ലിംഗിന്റെ പര്യായപദമല്ല. ഇംഗ്ലണ്ടിൽ നിലവിലുള്ള നിയമത്തിൽ, പ്രത്യേക തരത്തിലുള്ള ചില ഗെയിംസ് നിരോധിക്കുന്ന ചില നിയമങ്ങളുണ്ടു്. മറ്റു പല പ്രദേശങ്ങളിലും അങ്ങനെ ഗെയിംസ് നിരോധിക്കുന്ന നിയമങ്ങൾ ഉണ്ടു്. ഇവിടെയാണെങ്കിൽ ഗെയിംസ് തടയുന്ന ഒരു നിയമവും ഇല്ല. വളരെ പഴുതുണ്ടാകുമായ രീതിയിൽ കായ്ക്കളെയും കുറുക്കളെയും ആസ്പദമാക്കി ഉണ്ടാക്കിയിട്ടുള്ള ഈ ബില്ലിലെ ഒന്നുരണ്ടു കുറവുകൾ ഞാൻ പ്രത്യേകമായി എടുത്തു പറയാമെന്നു വിചാരിക്കുന്നു.

സർ, ഈ ബില്ലിലെ 16-ാമത്തെ വകുപ്പിനെപ്പറ്റിയാണ് എനിക്കു പറയുവാനുള്ളതു്. അതായതു് ഏതെങ്കിലും സ്ഥലത്തു ഗ്യാംബ്ലിംഗ് നടക്കുന്നുണ്ടെന്നു അറിവുകൊടുക്കുന്ന ഒരാളിനു്, അതായതു് പൂണ്ടിക്കാണിച്ചുകൊടുക്കുന്നയാളിനു്, ഗ്യാംബ്ലിംഗ് നടത്തിയ ആളിനു ശിക്ഷയായി ഈടാക്കുന്ന ഫൈനിന്റെ പകുതി, കിട്ടുന്നതിൽ പകുതി, കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നതു്. സർ, തൊഴിലില്ലായ്മ വർദ്ധിച്ചിരിക്കുന്ന ഇക്കാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കളത്തിൽ വേലായുധൻ നായർ]

ലുണ്ട്, ഇപ്പോൾ നിയമം ഉണ്ടാക്കുന്നതു മൂലം പലരും ഗ്യാംബ്ലിംഗ് കണ്ടുപിടിക്കാൻ സഹായിക്കുക എന്നുള്ളതു് ഒരു തൊഴിലാക്കാൻ ഇട വരുന്നതാണു്. ഏവിടെയെങ്കിലും ചീട്ടുകളി നടക്കുന്നുണ്ടോ എന്നു കണ്ടുപിടിക്കാൻ ചിലയാളുകൾ നടന്നേക്കാം. കൊലപാതകം നടക്കുന്നതു പോലും കണ്ടുപിടിക്കുന്ന ആളിനു ഇങ്ങനെയൊരു പാരിതോഷികം കൊടുക്കാനുള്ള യാതൊരു വ്യവസ്ഥയും പീനൽ നിയമങ്ങളിൽ ഇല്ല. ആസ്ഥിതിക്കു ഗ്യാംബ്ലിംഗ് കണ്ടുപിടിച്ചുകൊടുക്കുന്ന ആളിനു പാരിതോഷികം നൽകാൻ വ്യവസ്ഥ ചെയ്യുന്ന ഈ വകുപ്പു് പുനഃപരിശോധന ചെയ്യേണ്ടതാണു്.

ശ്രീ. ഏ. താണുപിള്ള: ഗ്യാംബ്ലിംഗ് എന്നുള്ളതിനു ഡെഫനിഷൻ കൊടുത്തിട്ടില്ലാത്തതുകൊണ്ടു്, ഈ ബില്ലിലെ ഏതെങ്കിലും പ്രൊവിഷൻസ് നടപ്പിലാക്കാൻ തടസ്സം വരാനിടയുണ്ടെന്നു ചൂണ്ടിക്കാണിക്കാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഗ്യാംബ്ലിംഗ് എന്ന വാക്കിനു ഡെഫനിഷൻ കൊടുക്കാതെ ഈ ബില്ലിനു് ഗ്യാംബ്ലിംഗ് ബിൽ എന്നു പേരുള്ളതുതന്നെയാണു് ദുഷ്യം. ചിലയാളുകൾ ചീട്ടുകളിക്കുകയും മറ്റൊരു ചെയ്താൽ ഗ്യാംബ്ലിംഗിന്റെ പരിധിയിൽപ്പെടും, ചിലയാളുകൾ ചെയ്താൽ പരിധിയിൽപ്പെടുകയില്ല എന്നുംകൂടി വന്നേക്കാം.

ശ്രീ. ഏ. താണുപിള്ള: ഗ്യാംബ്ലിംഗ് ബിൽ എന്നു ഈ ബില്ലിനു പേരു കൊടുത്തിട്ടുണ്ടു് എന്നുള്ളതുകൊണ്ടു് ഏതെങ്കിലും ദുഷ്യം വരുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതാണു് ഞാൻ പറഞ്ഞതു്. ഗ്യാംബ്ലിംഗിൽ തടസ്സപ്പെടുത്തേണ്ടവ തടസ്സപ്പെടുത്തിയിട്ടില്ല. തടസ്സപ്പെടുത്താൻ പാടില്ലാത്ത വ തടസ്സപ്പെടുത്തിയിട്ടുമുണ്ടു്.

സർ, ഈ നിയമമനുസരിച്ചു നിരോധിക്കപ്പെട്ടിട്ടുള്ള ഗെയിംസു് നടത്തുന്നുവെന്ന ഒരു പോലീസു് ആഫീസർ സംശയിച്ചു ഒരു സ്ഥലത്തു വന്നു അവിടെയുള്ള ഉപകരണങ്ങൾ, അതായതു് ചീട്ടോ, മേശയോ മറ്റോ കണ്ടെടുത്താൽ, അതു ഗ്യാംബ്ലിംഗിനു ഉപയോഗിക്കുന്നതല്ലാ എന്നു തെളിയിക്കാനുള്ള ഭാരം പ്രതിക്കാണു്. ചീട്ടു് ഗ്യാംബ്ലിംഗിനു ഉപയോഗിക്കുന്ന ഉപകരണങ്ങളിൽപ്പെടുന്ന ഒന്നാണെന്നു ഈ നിയമത്തിൽ പറയുന്നുണ്ടു്. അതിനാൽ ഒരു പോലീസു് ആഫീസർ കണ്ടെടുക്കുന്ന ചീട്ടു് ഗ്യാംബ്ലിംഗിനുപയോഗിക്കുന്നതാണോ അല്ലയോ എന്നു തെളിയിക്കേണ്ട ഭാരം, ഗ്യാംബ്ലിംഗിന്റെ പരിധിയിൽപ്പെടാതെ ചീട്ടുകളിക്കുന്ന നമ്മെപ്പോലെയുള്ള കരിന്റെ ചുമലിലായിട്ടു വന്നുചേരാനിടയുണ്ടു്. മിക്കവാറും നമ്മുടെ എല്ലാവരുടെയും വീടുകളിൽ ചീട്ടു കാണും. ഒരു പോലീസുദ്യോഗസ്ഥനു സംശയം ഉണ്ടെന്നു പറഞ്ഞു നമ്മെ കഴുത്തിലാക്കാൻ കഴിയുണ്ടു്. ആ നിലയിൽ ഇന്നത്തെ കാലസ്ഥിതിക്കനുസരണമായി ഈ വകുപ്പു് ഈ ബില്ലിൽ ആവശ്യമാണോ എന്നുള്ള കാര്യം ആലോചിക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇതിൽ ശിക്ഷയെപ്പറ്റിയുള്ള വ്യവസ്ഥയേയും പുനഃപരിശോധന ചെയ്യണമെന്നുള്ളതാണ് ഇനി എനിക്ക് പറയുവാനുള്ളതു്. അതായതു്,

"shall be punishable with imprisonment which may extend to three months or with fine which may extend to two hundred Rupees or with both"

എന്നാണ് പറഞ്ഞിരിക്കുന്നതു്. ഒരു വകുപ്പനുസരിച്ചുള്ള കുറ്റത്തിനു നിശ്ചയിച്ചിട്ടുള്ള പരമാവധി ശിക്ഷയിൽ കുറഞ്ഞതാണ് ശിക്ഷ നൽകുന്നതെങ്കിൽ, അങ്ങിനെ ആ ശിക്ഷ കുറവായി നൽകിയതിനുള്ള വിശേഷാൽ കാരണം ജഡ്ജ്മെന്റിൽ പറയണമെന്നുണ്ടു്. ഈ നിയമത്തിൽ മിനിമം ശിക്ഷ നൽകുന്നില്ലെങ്കിൽ കാരണം പറയണം എന്നു പറയുന്നതുകൊണ്ടു് മറ്റൊന്നിനും കാരണം പറയേണ്ട ആവശ്യമുണ്ടെന്നു നിയമമില്ല എന്നു് തോന്നും. അതു് ഈ നിയമത്തെ സംബന്ധിച്ചിടത്തോളം ആവശ്യമില്ലാത്ത ഒന്നാണു്.

സർ, ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ചോദിച്ചു, ഗ്യാംബ്ലിംഗ് ബിൽ എന്നപേരു കൊടുത്തതുകൊണ്ടുള്ള വൈഷമ്യം എന്താണെന്നു്. എന്റെ അഭിപ്രായത്തിൽ ഇതിലുള്ള ഡെഫനിഷൻസ് അപൂർണ്ണമാണു്. എന്നുമാത്രമല്ല ആവശ്യമല്ലാത്തതിനെ ഉൾപ്പെടുത്തുകയും കൂടിയാണു്. ഞാൻ അതു് ഇവിടെ വായിക്കാം,

"Common gaming house" means any house, walled enclosure, room or place, in which cards, dice, tables or other instruments of gaming are kept or used for the profit or gain of the person owning, occupying, using or keeping such house, enclosure, room or place by way of charge for the use of the instruments of gaming or of the house, enclosure, room or place."

ഒരു പോലീസ് ആഫീസർ സംശയിച്ചു് ഒരു കേസു് എടുക്കുന്നപക്ഷം, ചീട്ടോ മറ്റു സാധനങ്ങളൊ വാടകയ്ക്കു കൊടുത്തു എന്നു സംശയിക്കുന്നതുമാത്രമേ ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടൂ. ഇൻഡ്യൻ നിയമത്തിലാണെങ്കിൽ "by way of charge or otherwise" എന്നുകൂടി ഉണ്ടു്. അതുകൊണ്ടു ഈ വകുപ്പും ഭേദഗതിചെയ്യണം.

ശ്രീ. എ. താണുപിള്ള : അതെല്ലാം അമൻഡ്മെന്റുമൂലം ശരിയാക്കിക്കൂടെ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : സാധിക്കുകയില്ല. ഈ നിയമമനുസരിച്ചു് പിടിക്കാൻ ആവശ്യമില്ലാത്തയാളുകളെയും, വേണമെങ്കിൽ പിടിക്കാൻ ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ചു കഴിയും. നമ്മിൽതന്നെ പലരുടെയും വീടുകളിൽ ചീട്ടു കാണും. ആ ഒരു കാരണത്താൽതന്നെ നമ്മേയും വേണമെങ്കിൽ പിടിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കളത്തിൽ വേലായുധൻ നായർ]

മറെറാന്നു് ഈ ബില്ലിൽ ഗെയ്മിംഗിനു് ഡെഫനിഷൻ കൊടുത്തിട്ടുണ്ടു്. ഈ ഡെഫനിഷൻ വച്ചുനോക്കിയാൽ ഗ്യാംബ്ലിംഗു് ഇതിന്റെ പരിധിയിൽ ഉൾപ്പെടാതെയിരിക്കാനും കഴിയും. ഇതു് അമെൻഡുമെൻറു മാത്രം കൊണ്ടു് സാധിച്ചുവെന്നു വരികയില്ല.

ഇതുപോലെതന്നെ മറെറാരു വ്യവസ്ഥ ഈ ബില്ലിലുള്ളതു്

"Gaming" does not include a lottery but includes wagering or betting".

SHRI A. THANU PILLAI : "Any person found in any common gaming house during any gaming or playing therein."

ഇതുകൊണ്ടു് എന്താണു് കുഴപ്പം ? എനിക്കു് ഈ ബിൽ Re-consider ചെയ്യരുതെന്നു നിർബന്ധമില്ല. I am neither a gambler nor gamer.

SHRI KALATHIL VELAYUDHAN NAIR : If it is an insinuation that I am one I repudiate it. Otherwise, I agree.

സർ, എന്റെയും അഭ്യുദയകാംക്ഷികളുടെയും മറെറ പലരുടേയും രക്ഷയെ കരുതിയാണു് ഞാൻ ഇതു പറയുന്നതു്.

സർ, ഒരു ക്ലബ്ബിൽ ഇരുന്നു ചീട്ടുകളിക്കുകയാണെങ്കിൽ അതു് ഗ്യാംബ്ലിംഗിന്റെ പരിധിയിൽപ്പെടുന്നില്ല. വഴിയിലൊ മറെറാ ഇരുന്നു കളിച്ചുപോയാൽ അതു് ഗ്യാംബ്ലിംഗ് ആകും. ഇപ്പോൾത്തന്നെ എറണാകുളം, തിരുവനന്തപുരം മുതലായ സ്ഥലങ്ങളിലുള്ള ക്ലബ്ബുകളിലും മറെറ് ദിവസവും ഇരുന്നൂറും മുന്നൂറും രൂപ ഗ്യാംബ്ലിംഗിൽ കളയുന്ന ആളുകൾ ഉണ്ടു്. അതിനു ഇനിയും വിരോധമില്ല. പക്ഷെ ചില പ്രത്യേക ആളുകൾ കളിച്ചുപോയാൽ അതു് ശിക്ഷാർഹമാവുകയും ചെയ്യും. അതായതു റോഡിലൊ മറെറാ ഇരുന്നു ഒന്നു കളിച്ചാലും ശിക്ഷാർഹമാകും.

ശ്രീ. ടി. വി. തോമസ്സു് : കാളവണ്ടിയുള്ള സ്ഥലത്താണെങ്കിൽ പോലീസുകാർ പിടിക്കാതെ ഓടിപ്പോയി മരിക്കുകയും ചെയ്യും. പാപ്പുവിന്റെ കായ്പോലെ.

ശ്രീ. കളത്തിൽ വേലായുധൻനായർ : അങ്ങിനെയൊക്കെ വന്നേക്കാം. ചാൻസ്മാത്രം അനുസരിച്ചു ജയാപജയങ്ങൾ നിശ്ചയിക്കുന്ന കളികളെ നിരോധിക്കണം. അങ്ങനെയുള്ളവയെ മാത്രം അടിസ്ഥാനമാക്കി നിരോധിക്കണമെന്നാണു് ഉദ്ദേശമെങ്കിൽ ഈ നിയമംകൊണ്ടു ഒക്കുകയില്ല. ഈവക സംഗതികളെപ്പററിയെല്ലാം പഠിച്ചാലോചിക്കുന്നതിനായി ഈ ബിൽ സെലക്ററു് കമ്മറിക്കു് റീ കമ്മിറ ചെയ്യണമെന്നു് ഞാനപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

SHRI K. P. GOPALA MENON : I move that the Bill be re-committed to the Select Committee for reconsideration.

ശ്രീ. ടി. വി. തോമസ് : ഒരു മെംബർ കൊണ്ടുവന്ന അമൻഡ്മെൻറ് മറ്റാരും പുതിക്കാനില്ലെന്നിരിക്കെ, മറ്റൊരു മെംബർ അതേ സ്വഭാവത്തോടുകൂടിയ ഒരു അമൻഡ്മെൻറ് അവതരിപ്പിക്കാമെന്നുണ്ടോ?

ശ്രീ. കെ. പി. ഗോപാലമേനോൻ : ഞാൻ അമൻഡ്മെൻറ് അവതരിപ്പിക്കുകയില്ല. അതിനെ അനുകൂലിച്ചു ചില കാര്യങ്ങൾകൂടി പറയണമെന്നാഗ്രഹിക്കുന്നു.

ഈ ബിൽ സെലക്ട് കമ്മിറ്റിക്കു് അയയ്ക്കുന്ന അവസരത്തിൽ പ്രധാനമായി പരിഗണിക്കേണ്ടതു് ഏതെല്ലാം കളികളാണു് ഈ ബില്ലിന്റെ പരിധിയിൽപ്പെടുത്തേണ്ടതെന്നുള്ളതാണു്.

ക്ലാസ്സ് 3 (എ)-യിൽ പറയുന്നതിങ്ങനെയാണു്.

"3 (a) being the owner or occupier, or having the use of any house, walled enclosure, room or place, opens, keeps or uses the same as a common gaming house;" എന്നാണു്.

ഇതനുസരിച്ചാണു് ശിക്ഷവച്ചിരിക്കുന്നതു്. ഒരാൾ വെറുതെ വീടു് വിട്ടുകൊടുത്തിരിക്കുകയാണെങ്കിൽ, കൈവശക്കാരൻ വീടു കളിക്കാൻകൊടുക്കുകയും, കളിക്കാൻ കൊടുക്കുന്ന ചീട്ടിനു വാടക വാങ്ങിക്കുകയും ചെയ്യുകയാണെങ്കിൽ ഈ വകുപ്പനുസരിച്ചു് ഉടമസ്ഥൻ എന്നനിലയ്ക്കും, കൈവശക്കാരൻ എന്നനിലയിലോ ശിക്ഷാർഹനാണു്. വാടക വാങ്ങിക്കൊണ്ടു് ഏതെങ്കിലും വീട്ടിലായാലും ശരി, പറമ്പിലായാലും ശരി ഗയിംസ് നടത്തുന്നതിനു് ഒരാളെ ശിക്ഷിക്കാം. ഗയിമിംഗിൽ 'ലാട്ടറി' ഉൾപ്പെടുത്തിയിട്ടില്ല. എക്സ്പ്ലനേഷനിലും ഏതാനും സംഗതികൾ മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളൂ. മറ്റു ചില കളികൾ ഉൾപ്പെടുത്തിയിട്ടില്ല. നമ്മുടെ രാജ്യത്തു പലവിധത്തിലുള്ള കളികൾ ഉണ്ടു്. അതിൽ പലതും വെറും ചാൻസിനെ അടിസ്ഥാനമാക്കി നടത്തുന്നതാണു്. വേണമെങ്കിൽ പന്തു കളിപോലും ചാൻസുകളികളിൽപെടും. ഈ ബില്ലിൽ ലാട്ടറിക്കു മാത്രമെ എക്സംപ്ഷൻ കൊടുത്തിട്ടുള്ളൂ. അതു ശരിയല്ല. ചാൻസുനോക്കിയുള്ള കളികൾകൂടാതെ 'സ്കിൽ'-ം ചാൻസും നോക്കിയുള്ള കളികൾ അനവധി ഈ രാജ്യത്തുണ്ടു്. ഇതിൽ ചാൻസുനോക്കിയുള്ള കളികളിൽനിന്നും ദോഷംചെയ്യുന്ന കളികളെ കുറെകരങ്ങളാക്കി അത്രം കളികളെ മാത്രം ഈ ബില്ലിൽ ഉൾപ്പെടുത്തുകയും മറ്റെല്ലാ കളികളും ഒഴിവാക്കുകയും വേണം. അല്ലാത്തപക്ഷം ഫുട്ബാൾ, ക്രിക്കറ്റ്, വോളിബാൾ മുതലായവ എല്ലാം തന്നെ ചാൻസുള്ള കളികൾ എന്നു വ്യാഖ്യാനിച്ചു് അറസ്റ്റ്വാറണ്ടുകൂടാതെ പോലീസുകാർക്കു് അറസ്റ്റ്ചെയ്യാനുള്ള അധികാരം ഉദ്യോഗസ്ഥൻമാർ ചെയ്യും. അതു ശരിയല്ല. പോലീസുകാർക്കു് വാറണ്ടുകൂടാതെ അറസ്റ്റ്ചെയ്യുവാനും സർച്ചുചെയ്യാനുമുള്ള അധികാരം നൽകുന്ന ഈ നിയമം ഇങ്ങനെ ആലോചനകൂടാതെ പാസ്സാക്കരുതെന്നാണു് എന്റെ അഭിപ്രായം.

The Assembly adjourned at 1 P. M. to meet again at 8 A. M. on Thursday, the 13th October 1955.

LIBRARY ARCHIVES Kerala Legislative Assembly